രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം

1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ :  രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 12

# സഭ: പരിശുദ്ധമാണ്



1. എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു
2. സഭ വിശുദ്ധയും വിശുദ്ധീകരിക്കപ്പെടേവളും
3. വിശുദ്ധീകരണം ഈശോയിലൂടെ
4. വിശുദ്ധീകരണം ദൈവവചനത്തിലൂടെ
5. വിശുദ്ധീകരണം കൂദാശകളിലൂടെ
6. കൂദാശാനുകരണങ്ങളിലൂടെയുള്ള വിശുദ്ധീകരണം
7. നോമ്പും പ്രാർത്ഥനയും ഉപവാസവും വഴിയുള്ള വിശുദ്ധീകരണം

- **ഏശയ്യാ പ്രവാചകന്റെ സ്വർഗ്ഗീയ ദക്ഷതശനം**
- പരിശുദ്ധൻ; പരിശുദ്ധൻ സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ എന്ന് അവ ഉദ്ഘോഷിച്ചുകൊണ്ടിരുന്നു.
- ദൈവം പരിശുദ്ധനാണ്. ഈ പരിശുദ്ധിയിലേക്കാണ് ഇസ്രായേൽ ജനം വിളിക്കപ്പെട്ടത്. ഇസ്രായേൽ ദൈവത്തിന്റെ വിശുദ്ധ ജനമാണ്. പുതിയ ഇസ്രായേലായ സഭയുടെയും അടിസ്ഥാന സവിശേഷത അവൾ വിശുദ്ധയാണ് എന്നുള്ളതാണ്.




## എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു

- നാം വിശുദ്ധരാകണമെന്നത് ദൈവഹിതമാണ്.
- നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്.
- അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.
- നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവർത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ.

# സഭവിശുദ്ധയും വിശുദ്ധീകരിക്കപ്പെടേവളും

- പരിശുദ്ധനായ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട് ദൈവത്തിനായി സമർപ്പിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ.
- പരിശുദ്ധനായവൻ സഭയിൽ വസിക്കുന്നു.
- പരിശുദ്ധാത്മാവിനാൽ സഭ നയിക്കപ്പെടുന്നു.
- അനേക വിശുദ്ധരാൽ സഭ സമ്പന്നയാണ്.
- അതിനാൽ സഭ പരിശുദ്ധയാണ്.




# വിശുദ്ധീകരണം ഈശോയിലൂടെ

- പുതിയനിയമത്തിലെ പാപപരിഹാരക്കുഞ്ഞാടായ ഈശോ തന്റെ രക്തത്താൽ നമ്മെ വിശുദ്ധീകരിക്കുന്നു.
- പാപത്താൽ പിശാചിന്റെ ദാസ്യത്തിൽ ആയിരുന്ന നമ്മെ ശുദ്ധീകൃതരും ദൈവത്തിന്റെ മക്കളും ആക്കിത്തീർത്തത് ഈശോയുടെ കുരിശിലെ ബലിയാണ്.



# വിശുദ്ധീകരണം ദൈവവചനത്തിലൂടെ


- ഞാൻ നിങ്ങളോടു പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു. ഈശോയുടെ വചനം ശ്രവിച്ചവർ ആത്മീയമായും ശാരീരികമായും ശുദ്ധിയുള്ളവരായി. ദൈവത്തിന്റെ വചനം അഗ്നിയാണ്. ദൈവവചനം അനുദിനം ധ്യാനപൂർവം വായിച്ച് അതിനനു സൃതമായ ജീവിതം നയിക്കുന്നതുവഴി സഭാമക്കൾ വിശുദ്ധിയുടെ പാതയിലൂടെ ചരിക്കുവാൻ പ്രാപ്തരാകും.





# വിശുദ്ധീകരണം കൂദാശകളിലൂടെ

- വിവിധ കൂദാശകളിലൂടെ മനുഷ്യന്റെ ജീവിതത്തിലെ എല്ലാ ഘട്ടങ്ങളേയും ദൈവം വിശുദ്ധീകരിക്കുന്നു. അനുദിനം അർപ്പിക്കപ്പെടുന്ന ദിവ്യബലിയിലൂടെ നമ്മുടെ ആത്മശരീരങ്ങളെ അവിടുന്നു പവിത്രീകരിക്കുകയും ചെയ്യുന്നു.
- വിശുദ്ധ കുർബാന സ്വീകരിക്കുന്നവർ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിറയുന്നു. അതിനാൽ അവർ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. വിശുദ്ധീകരണത്തിന്റെ ബലിപീഠമാണ് അൾത്താര.



# കൂദാശാനുകരണങ്ങളിലൂടെയുള്ള വിശുദ്ധീകരണം

- ദൈവത്തിന്റെ കൃപാവരം സ്വീകരിക്കാനും അവയോടു സഹകരിച്ച് വിശുദ്ധിയിൽ വളരാനും കൂദാശാനുകരണങ്ങൾ സഹായിക്കുന്നു.










# നോമ്പും പ്രാർത്ഥനയും ഉപവാസവും വഴിയുള്ള വിശുദ്ധീകരണം

- **നമ്മെ വിശുദ്ധീകരിക്കുന്ന മറ്റു കർമങ്ങളാണ് നോമ്പും പ്രാർത്ഥനയും ഉപവാസവും.**



# ദൈവവചനം വായിക്കാം

# ധ്യാനിക്കാം

(യോഹ 17:15-26)



# ഓർമ്മിക്കാൻ ഒരു തിരുവചനം

നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ
എല്ലാ പ്രവൃത്തികളിലും നിങ്ങളും
പരിശുദ്ധരായിരിക്കുവിൻ.(1 പത്രോ 1:15)

# നമുക്കു പ്രാർത്ഥിക്കാം

**വിശുദ്ധരാകാൻ ഞങ്ങളെ വിളിച്ച ഈശോയേ, ജീവിതവിശുദ്ധിയിൽ വളർന്നുവരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.**

# എന്റെ തീരുമാനം

**വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന ഞാൻ ഒരു വിശുദ്ധനായി (വിശുദ്ധയായി) ജീവിക്കുവാൻ പരിശ്രമിക്കും.**

Thank you